എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. ബാബു എം. പാലിശ്ശേരി ഇവിടെ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. അതിന് സത്യവുമായി യാതൊരു ബന്ധവുമില്ല. ഞാൻ അതിന്റെ വിശദമായ വിവരങ്ങൾ പറയാം. ഞാൻ അത് പൂർണ്ണമായും നിഷേധിക്കുകയാണ്. ഇവിടെ പറഞ്ഞ ആദ്യത്തെ ആരോപണം വില വർദ്ധി പ്പിച്ചതിന്റെ പേരിൽ 100 കോടി രൂപ സമാഹരിച്ചു എന്നാണ്. അത് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് വിദേശത്ത് നിക്ഷേപിച്ചു എന്ന ആരോപണം എഴുതിത്തന്നതുകൊണ്ട് വിശദമായി അത് വായിക്കുന്നി ല്ല. വില വർദ്ധിപ്പിക്കുന്നതിൽ ഗവൺമെന്റിന് ഒരു പങ്കുമില്ല. വില വർദ്ധിപ്പി ക്കുന്നതുമായി ബന്ധപ്പെട്ട് മദ്യക്കമ്പനികൾ എന്നെ സമീപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാനൊരു മീറ്റിംഗ് വിളിച്ചുകൂട്ടി. ആ മീറ്റിംഗ് 16-02-2012-നായിരുന്നു. ആ യോഗത്തിൽ ഞാൻ പറഞ്ഞ ആദ്യത്തെ തീരു മാനം മദ്യത്തിന്റെ വില വർദ്ധിപ്പിക്കാൻ ആവില്ല എന്നാണ്. ആ യോഗ ത്തിൽ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ അപ്പുറത്തിരിക്കുന്ന ഒരു മുൻമന്ത്രി എന്റെ ഓഫീസിൽ വന്നിരുന്നു. അദ്ദേഹം എന്നെ അകത്തേയ്ക്ക് വിളിച്ചിട്ട് പറഞ്ഞത് വില കൂട്ടി കൊടുക്കണമെന്നാണ്. എന്റെ മാന്യതകൊണ്ട് അദ്ദേഹ ത്തിന്റെ പേര് ഞാൻ പറയുന്നില്ല .....(ബഹളം)...... ഞാൻ പേര് പറയുകയില്ല, എന്റെ മാന്യത കളയുന്നില്ല. :.....(ബഹളം).....

(മുൻമന്ത്രിയുടെ പേര് പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം ബഹളമു ണ്ടാക്കി)

ശ്രീ. കെ. ബാബു: വേണമെങ്കിൽ പറയാം. മറുപടിയുടെ അവസാനം പറയാം. 2010-ൽ 40.93 ആയിരുന്നു ഇ.എൻ.എ.യുടെ വില. 2012-ൽ അത് 47 ആയി വർദ്ധിച്ചു. ഇവിടെ പറഞ്ഞിട്ടുള്ള ആരോപണം ഇതിൽനിന്ന് 100 കോടി രൂപ സമാഹരിച്ചു എന്നാണ്. 6 ശതമാനം വില വർദ്ധിപ്പിച്ചതിന്റെ ഭാഗമായി മദ്യ ക്കമ്പനികൾക്ക് കിട്ടിയത് 49.9 കോടി രൂപയാണ്. ഇവിടെ പറഞ്ഞതുപോലെ ഒരു കമ്പനിയല്ല, ഏകദേശം നൂറോളം കമ്പനികളാണ്. അവർക്ക് ആകെ 49.9 കോടി രൂപ അധികമായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധ തരത്തി ലുള്ള നികുതിവരുമാനം വഴി സർക്കാരിന് 250 കോടി രൂപ ലഭിച്ചിട്ടുണ്ട്. 49.9 കോടി രൂപയുടെ വർദ്ധനവ് 100 കമ്പനികൾക്ക് കൊടുത്തപ്പോൾ അതിൽനിന്ന് എങ്ങനെയാണ് 100 കോടി രൂപ ഞങ്ങൾ കോഴ വാങ്ങി വിദേ ശത്ത് നിക്ഷേപിച്ചിരിക്കുന്നു എന്നുപറയുന്നത്. വില വർദ്ധിപ്പിച്ചതിന്റെ ഫല മായി അവർക്ക് ആകെ കിട്ടിയ പ്രയോജനം 49 കോടി രൂപയാണ്. കോഴ തന്നു എന്നുപറയുന്നത് 100 കോടി രൂപ. അങ്ങനെ ഒരു സംഭവം നടക്കുമോ? മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 2009-2010 കാലയള വിൽ മദ്യത്തിന് 6 ശതമാനം വിലകൂട്ടിയിട്ടുണ്ട്. ഈ കാലയളവിലെ ഉത്പാദ നച്ചെലവിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ 6 ശതമാനം വർദ്ധനവ് വളരെ ന്യായമായിരുന്നു. ഇങ്ങനെ വില വർദ്ധിപ്പിക്കുന്നത് കോർപ്പറേഷൻ ഡയറക്ടർ ബോർഡാണ്, മന്ത്രിയല്ല. ഗവൺമെന്റിന് ഇതിൽ നേരിട്ടുള്ള യാതൊരു പങ്കുമില്ല. അവിടെ എക്സൈസ് കമ്മീഷണറാണ് ചെയർമാൻ. ടാക്സസ് സെക്രട്ടറിയും ടാക്സസ് കമ്മീഷണറുമുണ്ട്. അവർ പരിശോധിച്ചിട്ടാണ് ഇത് നടപ്പാക്കുന്നത്. ഇക്കാര്യം ഞാൻ രാവിലെ

പറഞ്ഞതാണ്, എന്നാലും ആവർത്തിക്കുകയാണ്. കോർപ്പറേഷൻ ഡയറക്ടർ ബോർഡാണ് വില കൂട്ടുന്ന കാര്യം പരിഗണിച്ചത്. അവർ പരിഗണിച്ചത് നാലുകാര്യങ്ങളാണ്. ഒന്ന്, ഇ.എൻ.എ.യുടെ വിലയിലുണ്ടായ 14.83 ശതമാനത്തിന്റെ വർദ്ധനവ്. രണ്ട്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിറയ്ക്കുന്ന പ്ലാസ്റ്റിക് കുപ്പികളുടെ വിലയിലുണ്ടായ 5.42 ശതമാനം വർദ്ധനവ്. മൂന്ന്, ചരക്ക് കടത്തുകൂലിയിൽ വന്ന 10 ശതമാനം വർദ്ധനവ്. നാല്, തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ 66 ശതമാനത്തിന്റെ വർദ്ധനവ് – ഈ നാല് കാര്യങ്ങളും കണക്കിലെടുത്ത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഇങ്ങനെയൊരു തീരുമാനമെടുത്തു. ആ സമയത്ത് ഓണക്കാലം വന്നു. ഓണക്കാലത്ത് മദ്യക്കമ്പനികൾ മദ്യം സപ്ലൈ ചെയ്യില്ല എന്നൊരു ഭീക്ഷണി മുഴക്കി. അപ്പോൾ അവർക്ക് ഷോക്കോസ് നോട്ടീസ് കൊടുക്കാൻ ഞാൻ ബിവറേജസ് കോർപ്പറേഷനോടു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ no supply of IMFL to the Corporation, violation of the terms and conditions of the rate contract for supply of liquor black listing of company regarding. അവർക്ക് അന്നുതന്നെ അവരെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തുന്നതായി നോട്ടീസ് കൊടുത്തു. അവർ ഓണക്കാലത്ത് ഭീക്ഷണിപ്പെടുത്തി പക്ഷേ ഞങ്ങൾ അതിന് വഴങ്ങിയില്ല. പിന്നീട് ഒരു കാരണവശാലും സപ്ലൈ ചെയ്യാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചാണ് ബോർഡ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. കഴിഞ്ഞ ഗവൺമെന്റ് വില വർദ്ധിപ്പിച്ച കാര്യം ഞാൻ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ഇങ്ങനെയൊരു ഫയൽ വന്നിരുന്നു. അന്ന് അത് തള്ളിക്കളയുകയല്ല ചെയ്തത്, എന്റെ ഓർമ്മ ശരിയാണെ

ങ്കിൽ അന്ന് അതിൽ രേഖപ്പെടുത്തിവച്ചത് അടുത്ത ഗവൺമെന്റ് തീരുമാനമെടുക്കട്ടെ എന്നാണ്. 1954-ൽ ആണ് ഈ കോർപ്പറേഷൻ രൂപീകൃതമായത്. അതിനുശേഷം 9 പ്രാവശ്യം വില വർദ്ധിപ്പിച്ചിട്ടുണ്ട്. 1997-98-ൽ ശ്രീ. ടി. ശിവദാസമേനോനായിരുന്നു വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ കാലത്ത് 25 ശതമാനം വില വർദ്ധിപ്പിച്ചു. ഇപ്പോൾ 6 ശതമാനമേയുള്ളൂ. അങ്ങനെയെങ്കിൽ 25 ശതമാനം വില വർദ്ധിപ്പിച്ചപ്പോൾ എത്ര കോടി വാങ്ങിയിട്ടുണ്ടാകും? ഞാനവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം, അന്നത്തെ സാഹചര്യം അതായിരിക്കും. മദ്യക്കമ്പനികളാണ് വില നിശ്ചയിക്കുന്നതെന്ന് ഇവിടെ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞു. ഞങ്ങൾ അങ്ങനെ തീരുമാനിച്ചിട്ടില്ല. എന്നാൽ മദ്യക്കമ്പനികൾ വില നിശ്ചയിക്കുന്ന ഫ്രീ പ്രൈസിംഗ് സമ്പ്രദായം ഇവിടെ നാല് വർഷങ്ങളിൽ ഉണ്ടായിരുന്നു. ഇപ്പോൾ അവർ അത് ഡിമാന്റ് ചെയ്തുവെങ്കിലും ഞങ്ങൾ അനുവദിച്ചില്ല. അതിന്റെ കാരണം പ്രധാനപ്പെട്ട കമ്പനികളെല്ലാം കൂടി ഒത്തുകളിച്ച് ഒരു കാർട്ടൽ ഫോർമേഷൻ ഉണ്ടായാൽ അവർ വില തീരുമാനിക്കുന്ന ഒരു സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഞങ്ങൾ അതിലേക്ക് പോയില്ല. ഇതാണ് വില വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം. 49 കോടി രൂപയുടെ ആനുകൂല്യം കൊടുത്തപ്പോൾ 100 കോടി രൂപയുടെ അഴിമതി നടത്തിയെന്നാണ് ആരോപണം. അങ്ങനെയാണെങ്കിൽ കഴിഞ്ഞ പ്രാവശ്യവും അഴിമതി നടന്നിട്ടുണ്ടാവുമല്ലോ. ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞ മറ്റൊരാരോപണം, ഞങ്ങൾ ഒരു ഏകാംഗ കമ്മീഷനെ നിയോഗിച്ചതിനെക്കുറിച്ചാണ്. അദ്ദേഹം പറഞ്ഞത് കമ്മീഷനെന്നല്ല, സമിതിയെന്നാണ്. ഞാൻ അത് തിരുത്തുകയാണ്, ഏകാംഗ കമ്മീഷനാണ്. അദ്ദേഹം പറയുന്നത് കമ്മീഷനെ നിയോഗിച്ചില്ല, അതിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീക

രിച്ചില്ല എന്നൊക്കെയാണ്. വസ്തുതകൾ മനസ്സിലാക്കാതെ ഇങ്ങനെ യൊക്കെ ആരോപണം ഉന്നയിക്കുന്നത് ശരിയാണോ? ജസ്റ്റിസ് ശ്രീ. രാമച ന്ദ്രനെ കമ്മീഷനായി നിയോഗിച്ചുകൊണ്ടുള്ള 23-01-2013-ലെ ഗവൺമെന്റ് ഓർഡർ, "................Hence Government are pleased to appoint Justice Shri M. Ramachandran, retired Judge, High Court of Kerala, .............". ഈ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചതിനോടൊപ്പം കമ്മീഷൻ റിപ്പോർട്ട് കിട്ടുന്നതുവരെ പുതുതായി ബാർ ലൈസൻസുകളൊന്നും കൊടുക്കേണ്ട എന്നും തീരുമാനിച്ചു. അതിന്റെ ഗസറ്റ് നോട്ടിഫിക്കേഷനാണ് എന്റെ കയ്യിലി രിക്കുന്നത്. (നോട്ടിഫിക്കേഷൻ സഭയിൽ ഉയർത്തിക്കാണിച്ചു) അതിനു ശേഷം ഒരു ബാർ ലൈസൻസും കൊടുത്തിട്ടില്ല. ഈ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടും ഞങ്ങൾ കൊടുത്തി ട്ടില്ല. മറ്റൊന്ന്, ടേംസ് ഓഫ് റഫറൻസ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞു. 04-03-2013-ൽ ടേംസ് ഓഫ് റഫറൻസ് ഇറക്കിയിട്ടുണ്ട്. വസ്തുതകൾ മനസ്സിലാക്കാതെ ഇത്തരം കാര്യങ്ങൾ പറയുന്നത് ശരിയല്ല. കേസ്സുകൾ തോറ്റുകൊടുത്തു എന്നതാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. കേസ്സുകൾ തോറ്റുകൊടുത്ത് ബാർ ലൈസൻസ് കൊടുക്കാനായിരുന്നെ ങ്കിൽ......., ഞങ്ങൾ വരുമ്പോൾ എന്തായിരുന്നു നയം? ത്രീ സ്റ്റാർ ഹോട്ട ലിനും ഫോർ സ്റ്റാർ ഹോട്ടലിനും ബാർ ലൈസൻസ് കൊടുത്തിരുന്നു. ഞങ്ങൾക്കും ആ നയം തുടർന്നാൽ പോരായിരുന്നോ; നിങ്ങളാരും എതിർത്തില്ലല്ലോ? കേരളത്തിൽ മദ്യത്തിന്റെ വിപത്ത് ഭയാനകമായ വിധ ത്തിൽ വളർന്നുവന്ന സാമൂഹ്യ സാഹചര്യങ്ങളിൽ ലൈസൻസ് കൊടു ക്കേണ്ട എന്ന് ഞങ്ങൾ തീരുമാനിച്ചു. ഞങ്ങൾ അങ്ങനെ ഒരു തെറ്റുചെയ്തു.

ഞങ്ങൾ ഫോർ സ്റ്റാർ ഹോട്ടലിന് ഈ വർഷം ലൈസൻസ് കൊടുക്കുമെന്ന് പറഞ്ഞു. പക്ഷേ, മുമ്പ് ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് സ്കൂൾ, അമ്പലം, പള്ളി, ആശുപത്രി ഇവയിൽനിന്നൊക്കെ 50 മീറ്റർ ദൂരപരിധി മതിയായിരുന്നു എന്നത് ഞങ്ങൾ 200 മീറ്റർ എന്ന് ഭേദഗതി ചെയ്തു. ഫൈവ് സ്റ്റാർ ഹോട്ട ലുകൾക്ക് ലൈസൻസ് അടുത്ത വർഷംമുതലേ കൊടുക്കുകയുള്ളൂ എന്ന് തീരുമാനിച്ചു. മുമ്പ് പത്ത് മുറിയുണ്ടെങ്കിൽ ഫൈവ് സ്റ്റാർ ഹോട്ടലിന് ലൈസൻസ് കിട്ടുമായിരുന്നു. ഞങ്ങൾ അതിന് 25 മുറി വേണമെന്നുള്ള വ്യ വസ്ഥ കൊണ്ടുവന്നു. പണം വാങ്ങി ഹോട്ടലുകൾക്ക് നിർബാധം ബാർ ലൈസൻസ് കൊടുക്കാനായിരുന്നെങ്കിൽ ഞങ്ങളെന്തിനാണ് ഇങ്ങനെ ഭേദ ഗതി കൊണ്ടുവരുന്നത്? ഇത് നിങ്ങളുടെ നയമായിരുന്നില്ലേ? ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല, അതിനുമുമ്പും ആ നയമായിരുന്നു. അദ്ദേഹം കേസിന്റെ കാര്യം പറഞ്ഞു. ഞാൻ കേസിന്റെ വിശദാംശങ്ങളിലേക്ക് കടക്കു ന്നില്ല. ഏതായാലും ഞങ്ങൾ കൊണ്ടുവന്ന ഈ നയമാറ്റത്തിനനുസരിച്ച് റൂൾസും ഭേദഗതി ചെയ്തു. അദ്ദേഹം പറഞ്ഞത് റൂൾസ് ഭേദഗതി ചെയ്തില്ല എന്നാണ്. റൂൾസ് ഭേദഗതി ചെയ്തു. അത് കോടതിയിൽ ചോദ്യം ചെയ്യപ്പെ ട്ടു. ഞങ്ങൾ കൊണ്ടുവന്ന നയം ഒരു റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ 27-07-2012-ൽ കോടതി റദ്ദുചെയ്തു. ഇത് ആ വിധി പ്രസ്താവിച്ച ജഡ്ജി റിട്ടയർ ചെയ്യുന്നതിന് രണ്ടുദിവസം മുമ്പായിരുന്നു. സാധാരണ രീതിയിൽ സംസ്ഥാന ഗവൺമെന്റിന് കൗണ്ടർ ഫയൽ ചെയ്യാനുള്ള സമയം തരും. പക്ഷേ, ഗവൺമെന്റ് ചോദിച്ചെങ്കിലും കൗണ്ടർ ഫയൽ ചെയ്യാനുള്ള സമയം തന്നില്ല. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമ വകുപ്പു മന്ത്രിയും എക്സൈസിലേയും ടാക്സസിലേയും ഉദ്യോഗസ്ഥരും അധ്വ

ക്കേറ്റ് ജനറലും ലാ സെക്രട്ടറിയുമെല്ലാം പങ്കെടുത്ത ഒരു ഉന്നതതലയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ചേർന്നു. ആ യോഗത്തിൽ ഈ കേസ് ഫലപ്രദമായി കൈകാര്യം ചെയ്യണമെന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ തീരുമാനിക്കുകയും അതിനായി ഏറ്റവും പ്രമുഖരായ വക്കീലന്മാരെത്തന്നെയാണ് നിയോ ഗിക്കുകയും ചെയ്തു. അഡ്വക്കേറ്റ് ഗോപാൽ സുബ്രഹ്മണ്യമാണ് ഈ കേസ്സിൽ കേരളാ ഗവൺമെന്റിനുവേണ്ടി ഏറ്റവുമൊടുവിൽ ഹാജരായത്. ആ കേസ്സ് നാളെ വീണ്ടും കോടതി പരിഗണിക്കുന്നുണ്ട്. 23 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കണമെന്നുപറഞ്ഞ് കേരളാ ഹൈക്കോടതി ഓർഡർ പുറപ്പെടുവിച്ചു. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ ബഹു. സുപ്രീം കോടതിയിൽനിന്നും സ്റ്റേ വാങ്ങാൻ പോയി. എന്നാൽ സുപ്രീം കോടതിയിൽ നിന്നും സ്റ്റേ ലഭിച്ചില്ല. എട്ട് ആഴ്ചയ്ക്കുള്ളിൽ ഈ വിഷയ ത്തിൽ തീരുമാനമെടുക്കാൻ സുപ്രീം കോടതി ആവശ്യപ്പെട്ടു. കോടതിയുടെ മറപിടിച്ച് ലൈസൻസ് കൊടുക്കാനായിരുന്നുവെങ്കിൽ ഈ വിധിയുടെ അടി സ്ഥാനത്തിൽ ഈ 23 ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കാമായിരുന്നു. ഞങ്ങൾ അത് പരിശോധിക്കുകയും തള്ളാവുന്നതെല്ലാം തള്ളുകയും ചെയ്ത ശേഷം 14 ഹോട്ടലുകൾക്ക് മാത്രമാണ് ലൈസൻസ് കൊടുത്തത്. എട്ട് ആഴ്ചയ്ക്കുള്ളിൽ കൊടുക്കണമെന്ന് പറഞ്ഞുവെങ്കിലും തള്ളാവുന്നതെല്ലാം തള്ളി. ഞങ്ങൾ ഒത്തുകളിച്ചുവെന്നാണ് ഇവർ പറയുന്നത്. ഞാനൊരു കാര്യം ചോദിക്കട്ടെ, സംസ്ഥാന മദ്യ നിരോധന സമിതി എന്നൊരു സമിതി സുപ്രീം കോടതിയിൽ ഒരു കേസ്സ് കൊടുത്തിരുന്നു. ഈ കേസ്സ് കോടതി യിൽ വന്നപ്പോൾ പഴയ കേരളാ ചീഫ് ജസ്റ്റിസ് വി. കെ. ബാലിയാണ് അപ്പി

യർ ചെയ്തത്. അവർക്കും സ്റ്റേ ലഭിച്ചില്ല. ഞങ്ങൾ ഒത്തുകളിച്ചുവെന്നുപറഞ്ഞാൽ വേണമെങ്കിൽ തർക്കത്തിനുവേണ്ടി സമ്മതിക്കാം.

മദ്യനിരോധന സമിതി കൊടുത്ത കേസ്സിൽ അവർക്കും സ്റ്റേ ലഭിച്ചില്ല. അപ്പോൾ അവരും പണം വാങ്ങിയോ; അവരും ഒത്തുകളിച്ചോ? ഇങ്ങനെ സത്യവിരുദ്ധമായി ആരോപണമുന്നയിക്കുന്നത് ശരിയല്ല. ഞാൻ ഹോളോഗ്രാമിന്റെ കാര്യംകൂടി പറയാം, സി-ഡിറ്റിനെ ഒഴിവാക്കി ഇതു നടപ്പാക്കാൻ ഈ നിമിഷം വരെ ഞങ്ങൾ ആലോചിച്ചിട്ടില്ല. സി-ഡിറ്റ് ഡയറക്ടറുടെ പത്രക്കുറിപ്പ് വന്നിട്ടുണ്ട്. ഇത് 2012-ലെ സി&എ.ജി.-യുടെ റിപ്പോർട്ടാണ് (റിപ്പോർട്ടിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു). കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കാര്യങ്ങളെക്കുറിച്ചാണ് ഇതിൽ പറയുന്നത്. ഈ റിപ്പോർട്ടിൽ വളരെ വിശദമായി കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സി&എ.ജി.-യുടെ നിരീക്ഷണങ്ങളിലെ ചില പ്രസക്തമായ ഭാഗങ്ങൾ ഞാൻ വായിക്കാം,

(1) സെക്യൂരിറ്റി ലേബലുകളുടെ അച്ചടിയും വിതരണവും കെ.എസ്.ബി.സി. സി-ഡിറ്റിനെ ഏൽപ്പിച്ചിരുന്നുവെങ്കിലും ജോലി കൈമാറ്റം ചെയ്യരുതെന്നും രഹസ്യ വ്യവസ്ഥകൾ പാലിക്കണമെന്നുമുള്ള കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 2002 ഏപ്രിൽ 17-ാം തീയതിയിലെ കരാർ പ്രകാരം സി-ഡിറ്റ് പ്രസ്തുത ജോലി ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചു.

(2) വാളയാർ ചെക്ക് പോസ്റ്റിനടുത്തും എറണാകുളത്തുമായി രണ്ട് സ്ഥലങ്ങളിൽ സ്വകാര്യ കക്ഷി ലേബൽ അച്ചടിക്കുന്നുണ്ടെന്ന് ആരോപിച്ചുകൊണ്ട് സി-ഡിറ്റിലെ ഒരു വിഭാഗം ജീവനക്കാർ പോലീസ് ഡയറക്ടർ ജനറലിന് 2009 ഏപ്രിൽ മാസത്തിൽ ഒരു മെമ്മോറാണ്ടം നൽകി. ഡി.ജി.പി. പ്രസ്തുത മെമ്മോറാണ്ടം എക്സൈസ് കമ്മീഷണർക്ക് അയച്ചുകൊടുത്തു.

പ്രസ്തുത പ്രശ്നം വകുപ്പിന്റെ രഹസ്യാന്വേഷണ വിഭാഗം അന്വേഷിക്കുകയും രഹസ്യാവസ്ഥ, ജോലി കൈമാറ്റം അരുതായ്ക, തിരുവനന്തപുരം സി-ഡിറ്റിൽ മാത്രം ലേബലിന്റെ അച്ചടി എന്നിവയുമായി ബന്ധപ്പെട്ട് സി-ഡിറ്റും കെ.എസ്.ബി.സി-യും തമ്മിലുണ്ടായ കരാറിന്റെ ലംഘനമായിരുന്നു സ്വകാര്യ ഏജൻസിയെ സെക്യൂരിറ്റി ലേബലുകൾ അച്ചടിക്കാൻ ഏൽപ്പിച്ചതുവഴി സി-ഡിറ്റ് നടത്തിയതെന്ന് 2009-ൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. എന്നിരുന്നാലും പ്രസ്തുത പ്രശ്നത്തിൽ കുടുതൽ നടപടികളൊന്നും എടുക്കുകയുണ്ടായില്ല. ആര്, കഴിഞ്ഞ ഗവൺമെന്റ്, മനസ്സിലായോ? ഇനി വേറൊരു കാര്യം പറയാം,

(3) അബ്കാരി നിയമത്തിൽ നിയമപ്രകാരം അവകാശമുള്ള അധികാരിയായി **അവർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ അവർക്ക് സ്വകാര്യ കക്ഷിയെ സാക്ഷികളായി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ**. അതിനാൽ ഫലപ്രദമായ നിയമ നടപടികൾക്ക് വിദൂര സാധ്യത മാത്രമേയുള്ളൂ.

(4) സെക്യൂരിറ്റി ലേബലുകൾ അച്ചടിക്കുന്നതിന് തമിഴ്നാട്ടിലെ എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു പ്രസ്സ് ഉണ്ടെന്ന് ഉദ്ധരിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേലന്വേഷണത്തിൻകീഴിൽ സെക്യൂരിറ്റി ലേബലിന്റെ അച്ചടിയും സൂക്ഷിപ്പും കൊണ്ടുവരുന്നതിന് അദ്ദേഹം എക്സൈസ് കമ്മീഷണർക്ക് ഒരു നിർദ്ദേശവും 2010 ജൂൺ മാസത്തിൽ സമർപ്പിച്ചു. പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു നടപടിയും സ്വീകരിച്ചില്ല. ആരാണ് ഞങ്ങളല്ല, നിങ്ങൾ. ഇനി അടുത്തത്,

(5) സെക്യൂരിറ്റി ലേബലുകൾ ഒരു സ്വകാര്യ ഏജൻസി അച്ചടിക്കുകയും ഉൽപ്പാദനം, വിതരണം, ലേബലുകൾ പതിക്കൽ എന്നിവയിന്മേൽ

വകുപ്പ് ഏറ്റവും കുറഞ്ഞ തോതിലുള്ള മേലന്വേഷണം മാത്രം നടത്തുകയും ചെയ്യുന്നതിനാൽ വ്യാജമദ്യം ഉൽപ്പാദിപ്പിക്കുന്നവർക്കും വിൽപ്പന നടത്തുന്ന വർക്കും സെക്യൂരിറ്റി ലേബലുകൾ വിതരണം ചെയ്യുന്ന ഒരു അപകട സാധ്യ തയുണ്ട്. ഈ അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. ബാബു എം. പാലിശ്ശേരി ആവശ്യപ്പെട്ട ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറുണ്ടോ എന്നാണ് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനോട് ചോദിക്കാനുള്ളത്. ആ ആക്ഷേപം മുമ്പ് ശ്രീ. വി. എം. സുധീരനും ഉന്നിയി ച്ചിട്ടുള്ളതാണ്. ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാണെങ്കിൽ അതിനാവ ശ്യമായ തെളിവുകൾ ഹാജരാക്കാമെന്നും ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറ യുവാനുള്ളത്?

ശ്രീ. കെ. ബാബു: സർ, ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞശേഷം നമുക്ക് അതിനെക്കുറിച്ച് സംസാരിക്കാം. അടുത്ത ശുപാർശ,

(6) വകുപ്പിന്റെ നേരിട്ടുള്ള മേലന്വേഷണത്തിൻകീഴിൽ സെക്യൂരിറ്റി ലേബലുകൾ അച്ചടിക്കുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തേണ്ടതാകുന്നു.

സി&എ.ജി.-യുടെ റിപ്പോർട്ടാണ്. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാല ത്തുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടാണ്. ഈ റിപ്പോർട്ട് കിട്ടി യാൽ ഞങ്ങൾ എന്ത് ചെയ്യണം? ലേബൽ അച്ചടിക്കുന്ന ഈ സമ്പ്രദായം കുറ്റമറ്റതാക്കാൻവേണ്ടി ചില ആലോചനകൾ ഞങ്ങൾ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ സി-ഡിറ്റുമായി ഒരു ചർച്ച നടത്തുകയാണ് ആദ്യം ചെയ്തത്. അല്ലാതെ ശ്രീ. ബാബു എം. പാലിശ്ശേരി ഇവിടെ സൂചിപ്പിച്ചതു

പോലെ കർണ്ണാടകയിലെ കമ്പനിയുമായല്ല ആദ്യം ചർച്ച ചെയ്തത്. അവരുമായി ചർച്ച ചെയ്തിട്ടില്ല. ഞങ്ങൾ സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുമില്ല. സി-ഡിറ്റുമായി ആദ്യം ചർച്ച ചെയ്തു. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം, ഹോളോഗ്രാം നിർമ്മാണത്തിൽ മുൻപരിചയമില്ലാത്ത സ്വകാര്യ കമ്പനിക്ക് സി-ഡിറ്റ് പുറംകരാർ നൽകുകയും ടി കമ്പനി എറണാകുളത്തും തമിഴ്നാട്ടിൽ വാളയാർ ചെക്ക് പോസ്റ്റിനടുത്തും വ്യാജ ലേബലുകൾ നിർമ്മിക്കുന്നുവെന്നുമുള്ള പരാതി എക്സൈസ് വിജിലൻസ് ഓഫീസറും സി&എ.ജി.-യും അന്വേഷിക്കുകയും റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ഉപ്പളം മദ്യദുരന്തം അന്വേഷിച്ച കമ്മീഷൻ നിലവിലെ ഹോളോഗ്രാം സംവിധാനം ശരിയല്ലെന്നും പല സ്ഥലത്തുനിന്നും വ്യാജ ലേബലുകൾ പിടിച്ചെടുത്തതായും പരാമർശിച്ചിട്ടുണ്ട്. ഞങ്ങൾ ഇനി ചെയ്യാൻപോകുന്ന കാര്യങ്ങൾകൂടി പറയാം,

(1) എക്സൈസ് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലും ചുമതലയിലും സംസ്ഥാന സർക്കാർ ഏജൻസിയായ സി-ഡിറ്റ് / കെൽട്രോൺ വഴി ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(2) Intaglio printing, intaglio rub mark, intaglio latent image, secret code 2D, barcode, visible florescent ink, invisible printing, hologram തുടങ്ങിയ ഇന്ത്യൻ കറൻസി നോട്ടിലുള്ള 23 സെക്യൂരിറ്റി ഫീച്ചറുകളടങ്ങിയ ഹൈ സെക്യൂരിറ്റി ലേബലുകളുടെ ഡിസൈൻ, പ്രിന്റിംഗ്, വിതരണം അടക്കമുള്ള കാര്യങ്ങൾ എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും. ഇതിനായി കുറച്ച് നിയമനങ്ങൾ നടത്തേണ്ടതായുണ്ട്.

(4) സി-ഡിറ്റ്/കെൽട്രോൺ എന്നിവയ്ക്കാവശ്യമായ ഹോളോഗ്രാം mastering സംവിധാനം പ്രസ്സിൽതന്നെ ഏർപ്പെടുത്തും.

(5) എല്ലാ കെ.എസ്.ബി.സി. വെയർ ഹൗസുകളിലും പ്രിന്റിംഗ് പ്രസ്സിലും സി.സി.ടി.ടി. സംവിധാനം ഏർപ്പെടുത്തും.

(6) സുതാര്യമായ ബിഡ്ഡിംഗ് പ്രോസ്സസിലൂടെ സി-ഡിറ്റ്/കെൽട്രോൺ സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിനായി സെക്യൂരിറ്റി പ്രസ്സിനെ തിരഞ്ഞെടുക്കുന്നതാണ്. ഈ സെക്യൂരിറ്റി പ്രസ്സിന് ഐ.ബി.എ. യുടെ (കിലേൃിമശേീിമഹ ആമിൃ അൈീരശമശേീി) അംഗീകാരമുണ്ടായിരിക്കണം. കൂടാതെ ഇൻവെന്ററി മാനേജ്മെന്റിന് വേണ്ടി വിനിയോഗിക്കുന്ന.............. നിങ്ങൾ പറയുന്നത് ഞങ്ങൾ സി-ഡിറ്റിനെ ഒഴിവാക്കാൻ പോകുന്നു ഏതോ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാൻ പോകുന്നു എന്നാണ്. അതല്ല യാഥാർത്ഥ്യം. ഇത് കുറ്റമറ്റതാക്കണം. ഏതാണ്ട് 60,000 കോടി ബോട്ടിലാണ് ഇവിടെ നിന്ന് ഇറങ്ങുന്നത്. ഇതിൽ വ്യാജനുണ്ടോ കൃത്രിമമാണോയെന്ന് അറിയാൻ ഇപ്പോഴത്തെ സംവിധാനം ഫലപ്രദമല്ല. അതുകൊണ്ട് ഇത് ഫലപ്രദമാക്കാൻ സി.&എ.ജി ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ...........പഴയ ഡി.ജി.പി യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചില പരിശോധനകൾ നടത്തി. ചർച്ചകൾ നടക്കും ഇതുവരെ തീരുമാനം എടുത്തിട്ടില്ല. ഇതാണ് ചുരുക്കം. ഇതിൽ 33 കോടി രൂപ, 30 ലക്ഷം രൂപ എന്നുള്ള കണക്ക് എവിടെ നിന്ന് കിട്ടിയെന്ന് എനിക്ക് അറിഞ്ഞുകൂട. ഇവിടെ ശ്രീ. ബാബു. എം. പാലിശ്ശേരി പറഞ്ഞത് പേര് മാറ്റം നടത്തിക്കൊടുക്കുന്നു എന്നാണ്. സർ, ഇവിടെയുണ്ടായിരുന്ന സാഹചര്യമനുസരിച്ച് ഒരു ബാർ ഹോട്ടലിൽ പാർട്ട്ണറായ ഒരാൾക്ക് ഒഴിഞ്ഞു പോകണമെ

ങ്കിൽ ഒരു രക്ഷയുമില്ല. ഞങ്ങൾ ഒരു നിയമം കൊണ്ടു വന്നു. രണ്ട് ലക്ഷം രൂപ അടച്ചാൽ ഒരാൾക്ക് ഒഴിഞ്ഞു പോകാം. ഒരാൾക്ക് ഒരു ഹോട്ടലിൽ പാർട്ട്ണറായി ചേരണമെങ്കിൽ അതിന് വേണ്ടി ഞങ്ങൾ 20 ലക്ഷം രൂപ ഫീസ് വച്ചു. അങ്ങനെ ചില മാറ്റം കൊണ്ടു വന്നിട്ടുണ്ട്. ഒരാൾ മരിച്ചാൽ മാത്രമേ ഒഴിയാൻ കഴിയുമായിരുന്നുള്ളൂ. ഞങ്ങൾ അതിൽ ഒരു മാറ്റം വരുത്തി 2 ലക്ഷം രൂപ ഫീസ് വച്ചു. ഇത് ചെയ്തിട്ടില്ലായിരുന്നു. അതാണ് ഇപ്പോൾ പറഞ്ഞ ആരോപണം. യാഥാർത്ഥ്യം പറഞ്ഞാൽ ഹോളോഗ്രാമിന്റെ കാര്യത്തിൽ 23 ഫീച്ചർ ഉള്ള സെക്യൂരിറ്റി ലേബലാണ് ഇൻട്രോഡ്യൂസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇത് അഫക്ട് ചെയ്യുന്നത് ആ സ്വകാര്യ കോൺട്രാക്ടറെയാണ്. ശ്രീ. ബാബു.എം. പാലിശ്ശേരിയുടെ ശബ്ദം ആ കോൺട്രാക്ടറുടെ ശബ്ദമായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. .............(ബഹളം).............

<u>മി. സ്പീക്കർ</u>: യെസ്, യെസ്, ശ്രീ. ബാബു..... അദ്ദേഹം മറുപടി പറഞ്ഞ് തീർന്നില്ല. .............( ബഹളം).............ശ്രീ. സി. ദിവാകരൻ....അദ്ദേഹം ഒന്ന് പറഞ്ഞോട്ടെ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി( <u>ശ്രീ. കെ. ബാബു</u>): ഇവിടെ ശ്രീ. വി. എം. സുധീരൻ ആരോപണം ഉന്നയിച്ചു എന്നു പറഞ്ഞു. ശ്രീ. വി. എം. സുധീരൻ ആരോപണം ഉന്നയിച്ചത് ഞങ്ങൾ ബാർ ലൈസൻസ് കൊടുത്തതിനെക്കുറിച്ചല്ല. ക്ലാസ്സിഫിക്കേഷൻ നടത്തുന്നതിൽ ഇന്ത്യാ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ അഴിമതിയെക്കുറിച്ചാണ് ശ്രീ. വി. എം. സുധീരൻ ചൂണ്ടിക്കാണിച്ചത്. ഞങ്ങളെക്കുറിച്ചല്ല. ഞങ്ങൾ കൊണ്ടു വന്ന ഭേദഗതിയുടെ ചുരുക്കം ഫോർ സ്റ്റാറിനും ത്രീ സ്റ്റാറിനും കൊടുക്കുകയില്ല

എന്നല്ലേ. 418 ഹോട്ടലുകൾക്കാണ് യാതൊരു ക്ലാസ്സിഫിക്കേഷനുമില്ലാതെ കഴിഞ്ഞ ഗവൺമെന്റ് റെഗുലൈസ് ചെയ്ത് കൊടുത്തത്..........(ബഹളം).......... ചോദിച്ച് നോക്ക്......... എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. ഞങ്ങൾ അധികാരത്തിൽ വന്ന ശേഷം ഒരു സ്വകാര്യ ഡിസ്റ്റിലറിക്കും ഒരു ലിറ്റർ മദ്യം കൂടുതൽ ഉത്പാദിപ്പിക്കാൻ ലൈസൻസ് കൊടുത്തിട്ടില്ല. ............(ബഹളം)..........തർക്കിക്കണ്ട. ഞാൻ ഓർഡറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാം. കഴിഞ്ഞ സർക്കാർ വിവിധ ഡിസ്റ്റിലറികളുടെയും ബ്ലെൻഡിംഗ് യൂണിറ്റുകളുടെയും ഇ. എൻ.എ സ്റ്റോറേജ് കപ്പാസിറ്റി 28,58,412 ആയി വർദ്ധിപ്പിച്ചു. അത്രയും കപ്പാസിറ്റി വർദ്ധിപ്പിക്കാൻ കമ്പനികൾക്ക് അനുമതി കൊടുത്തു. ആ കമ്പനികൾ കേരളത്തിലെ വലിയ കമ്പനികൾ തന്നെയാണ്. യുണൈറ്റഡ് **സ്പ്രിൻസ്** ചേർത്തല, യുണൈറ്റഡ് സ്പ്രിൻസ് പാലക്കാട്, തിലക് നഗർ ഇൻഡസ്ട്രീസ് മഹാരാഷ്ട്ര, അമൃത് ഡിസ്റ്റിലറീസ് പാലക്കാട്, റാഡികോ തുടങ്ങി കേരളത്തിലെ ധാരാളം കമ്പനികൾക്ക് ക്വാണ്ടിറ്റി വർദ്ധിപ്പിക്കാൻ അനുവാദം കൊടുത്തു. ഞങ്ങളുടെ മുന്നിലും അപേക്ഷയുണ്ട്. പക്ഷെ ഞങ്ങൾ കൊടുത്തില്ല. ശ്രീ. ബാബു.എം. പാലിശ്ശേരിയുടെ മറ്റൊരു ആരോപണം ഞങ്ങൾ ബിവറേജസിന്റെ പുതിയ ഷോപ്പ് തുടങ്ങിയില്ല എന്നാണ്. നയപരമായ ഞങ്ങളുടെ തീരുമാനമാണത്. അപ്പുറത്തു നിന്ന് തന്നെ പലരും പറഞ്ഞല്ലോ ബിവറേജിന്റെ ഔട്ട്ലെറ്റുകൾ മാറ്റണം എന്ന്. അതുകൊണ്ട് ഇത് കൂടുതൽ വർദ്ധിപ്പിക്കേണ്ട കാര്യമില്ല എന്ന് തീരുമാനിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഞങ്ങളുടെ നയം റദ്ദാക്കി. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിന്ന് സ്റ്റേ ഓർഡർ കിട്ടിയില്ല. ഞങ്ങൾ അതിനിടയ്ക്ക് മറ്റൊരു നയം തന്നെ കൊണ്ടു വരേണ്ട ആത്മാർത്ഥ ശ്രമത്തിന്റെ ഫലമായി 1.4.2012 മുതൽ

പഞ്ചായത്തുകൾക്ക് കൂടി അധികാരം കൊടുത്തു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കണ്ടംപ്റ്റിന്റെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടി വന്നാലും ഒരു തടയിടാൻ വേണ്ടി ഞങ്ങൾ വളരെ പെട്ടെന്ന് തന്നെ ഓർഡിനൻസ് കൊണ്ടു വന്നു. പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. ഇവിടെ ശ്രീ. ബാബു. എം. പാലിശ്ശേരി ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. ശ്രീ. ബാബു. എം. പാലിശ്ശേരി കുറ ച്ചൊക്കെ വായിക്കുമെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഞങ്ങൾ കമ്മീഷനെ നിയോഗിച്ചിട്ട് അതിന്റെ നോട്ടിഫിക്കേഷൻ പോലും വന്നില്ല. ടേംസ് ഓഫ് റഫറൻസ് പോലും അംഗീകരിച്ചുകൊടുത്തില്ല. 100 കോടി രൂപ കൈക്കൂലി വാങ്ങി........ 50 കോടി രൂപയാണ് മൊത്തം കമ്പനികൾക്ക് കൊടുത്തത്. 100 കോടി രൂപ വരുമാനം എന്നൊക്കെ........ ബിട്ടി മൊഹന്തി ഒരു പേര് മാറ്റക്കാര നാണ്. ഇവിടെയും ചില പേര് മാറ്റക്കാരുണ്ട്. . . .(ബഹളം). . . . എനിക്ക ങ്ങനെ പേര് മാറ്റുകയും തലയിൽ മുണ്ടിടുകയും ചെയ്യേണ്ട ഗതികേടില്ല. ഞാൻ ഇതെല്ലാം നിഷേധിക്കുന്നു.......(ബഹളം).............

മി. സ്പീക്കർ: യെസ്.... പ്ലീസ്... പ്ലീസ്....

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മന്ത്രി അങ്ങ്, അങ്ങയുടെ വകു പ്പിൽ ചില നടപടികൾ എടുക്കാൻ ഒരു മുൻമന്ത്രി ഇടപെട്ടു എന്നു പറഞ്ഞു. ആ മുൻ മന്ത്രിയുടെ പേര് പറയണം.

ശ്രീ. കെ. ബാബു: ഞാൻ പറയാം. പറയുന്നതിനിപ്പോൾ എന്താണ് തടസ്സം? പറയണോ? എന്റെ മാന്യതയുടെ പേരിൽ ഞാൻ ആ പേര് പറയുന്നില്ല.

മി. സ്പീക്കർ: യെസ്.... പ്ലീസ്... പ്ലീസ്....

ശ്രീ. സി. ദിവാകരൻ: അതൊരു ശരിയായ കീഴ്വഴക്കമല്ല. അങ്ങനെയാണെങ്കിൽ അദ്ദേഹമങ്ങനെ പറയാൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ഒരു പാട് കാര്യങ്ങൾ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് വഴിവിട്ട് ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. നിങ്ങളുടെ കയ്യിൽ എല്ലാ രേഖയുമുണ്ട്. പിന്നെന്താണ് ഒരു അന്വേഷണം നടത്താത്തത്. പറയണോ വേണ്ടയോ എന്ന് പറയേണ്ടത് നിങ്ങളല്ലല്ലോ. പറയണ്ട എന്ന് പറയുന്നതിന് എന്താണ് ഉദ്ദേശം. ആരാണ് മുൻമന്ത്രി?

ശ്രീ. കെ. ബാബു: ഞാൻ പറയാം. ഞാൻ യഥാർത്ഥത്തിൽ ആ പേര് ഒഴിവാക്കാൻ തീരുമാനിച്ചതാണ്. അദ്ദേഹം ഇടപെട്ടു എന്നല്ല ഞാൻ പറഞ്ഞത്. എന്റെ ഓഫീസിൽ ചർച്ച നടന്നു കൊണ്ടിരിക്കുമ്പോൾ ഒരു മുൻമന്ത്രി എന്റെ ഓഫീസിൽ വന്നിരുന്നു. ഞങ്ങൾ അകത്തെ മുറിയിൽ പോയപ്പോൾ അദ്ദേഹം എന്നോട് ഇത് ശരിയാക്കി കൊടുക്കണമെന്ന് പറഞ്ഞു. ആ മുൻമന്ത്രി സഖാവ് ഗുരുദാസനാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: ഞാൻ പറയാം. പറയട്ടെ. ബഹുമാനപ്പെട്ട ശ്രീ. കെ. ബാബുവിനെ ഞാൻ കാണാൻ പോയത് ഫിഷറീസിന്റെ കാര്യവുമായി ബന്ധപ്പെട്ടാണ്. അവിടെ ചെന്നപ്പോൾ എല്ലാ മുതലാളിമാരും അവിടെ ഉണ്ടായിരുന്നു. എന്നോട് രണ്ട് മൂന്ന് വർഷമായി വില വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്ന സംഘടനയുടെ നേതാക്കൻമാരെല്ലാവരും കൂടെ മന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ പറഞ്ഞു 2-3 വർഷമായി എന്നോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്, കൊടുത്തിട്ടില്ല. പക്ഷെ കിട്ടാൻ അർഹതയുള്ള കാര്യമാണെന്നാണ് ഞാൻ പറഞ്ഞത്.......... (ബഹളം)..........എന്തായാലും അതിനകത്തൊരു തെറ്റുമില്ല. 3 വർഷക്കാല

മായി ഈ മുതലാളിമാർ എന്നെ സമീപിച്ച് മദ്യത്തിന്റെ വില വർദ്ധിപ്പിക്കണം എന്നുളള ആവശ്യം ഉന്നയിക്കുകയായിരുന്നു. ഞാൻ വർദ്ധിപ്പിച്ചു കൊടുത്തില്ല എന്നാണ് പറഞ്ഞത്. ഞാൻ ആവശ്യം പറയാൻ പോയതല്ല അവിടെ. ഞാൻ ഫിഷറീസിന്റെ കാര്യം സംസാരിക്കാൻ പോയപ്പോൾ അവിടെ ഈ മുതലാളിമാർ എല്ലാം ഇരിക്കുന്നു.

<u>മി. സ്പീക്കർ</u>: യെസ്, യെസ്, നിങ്ങൾ വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ഹോളോഗ്രാമിന്റെ കാര്യം

<u>മി. സ്പീക്കർ</u>: ഹോളോഗ്രാമിന്റെ കാര്യം അങ്ങ് പറയേണ്ട കാര്യമില്ല.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ഹോളോഗ്രാമിനെക്കുറിച്ച് പറയണം.

<u>മി. സ്പീക്കർ</u>: നോ, നോ.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ഹോളോഗ്രാം, പറഞ്ഞേ മതിയാകൂ.

<u>മി. സ്പീക്കർ</u>: സാദ്ധ്യമല്ല, അത് ശരിയല്ല. അവിടെ ഒരു പേര് പറഞ്ഞപ്പോൾ അങ്ങ് മാന്യമായി മറുപടി പറഞ്ഞു. അവിടെ തീർന്നു കാര്യം. ...(ബഹളം)... ശ്രീ. ബാബു എം. പാലിശ്ശേരി, അങ്ങാണ് ആരോപണമുന്നയിച്ചത്, അപ്പോൾ അങ്ങയുടെ പേര് പറയും. അത്രേയുള്ളൂ. ആരോപണം ഉന്നയിക്കുമ്പോൾ......, നിങ്ങൾ വിവരങ്ങൾ അറിയാതെ......, അങ്ങനെ ആരോപണം ഉന്നയിക്കുന്ന വ്യക്തിയുടെ പരാമർശത്തിന് മന്ത്രി മറുപടി പറഞ്ഞു. അങ്ങനെ തന്നെ....., ....(ബഹളം)......, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇരിക്കണം, പ്ലീസ്, പ്ലീസ്....., അങ്ങനെ ധാരാളം അഡ്വക്കേറ്റ്സുമാർ വേണ്ട. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഈ വിശദീകരണത്തിൽ 100% വ്യക്തമാക്കുന്നു......., ജൂഡീഷ്യൽ അന്വേഷണത്തിന് തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്...., ദയവ് ചെയ്ത് ഇരിക്കൂ. അങ്ങോട്ടു മിങ്ങോട്ടും വെല്ലുവിളികൾ വേണ്ട. താങ്കൾ പറഞ്ഞതിന് മന്ത്രി മറുപടി പറഞ്ഞു. ഇതൊന്നും ശരിയല്ല. ഒരാൾ ആരോപണം ഉന്നയിച്ചു. അത് മന്ത്രി കേട്ടുകൊണ്ടിരുന്നു. മന്ത്രിക്ക് മറുപടി പറയണ്ടേ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. പി. കെ. ഗുരുദാസൻ പറഞ്ഞു തുടങ്ങിയപ്പോൾ തന്നെ 3 കാര്യങ്ങളാണ് പറയാനുള്ളതെന്ന് പറഞ്ഞു, ഒരു കാര്യമാണ് പറഞ്ഞത്. ഇനി രണ്ടു കാര്യങ്ങൾ കൂടി അദ്ദേഹത്തിന് പറയാനുണ്ടാകും, അത് പറഞ്ഞു തീർന്നതിനു ശേഷം......, നിങ്ങൾ പറയുന്ന കാര്യം മാത്രം പറയുക, ബാക്കിയെല്ലാം കേട്ടു കൊണ്ടിരിക്കുക അതിന് ഇവിടെ വേറെ ആളെ നോക്കണം. അതിന് ഞങ്ങളെ വിളിക്കണ്ട. ഈ കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്ന ശ്രീ. ബാബു എം. പാലിശ്ശേരിയുടെ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറല്ലാത്തതിനാൽ ഞങ്ങൾ ഈ സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

മി. സ്പീക്കർ: ഗവൺമെന്റ് ചീഫ് വിപ്പിനെതിരെ ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധിച്ച് അതേക്കുറിച്ചുള്ള റിപ്പോർട്ട് അടുത്ത സമ്മേളനക്കാലത്ത് സമർപ്പിക്കണമെന്ന് പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയോട് ചെയർ നിർദ്ദേശിക്കുന്നു. രാവിലെ ചെയർ നൽകിയ റൂളിംഗിന്റെ സ്പിരിറ്റ് അതിന്റെ

പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് ശ്രീ. വി. സുനിൽ കുമാർ പ്രകടിപ്പിച്ച വികാരത്തെ പൂർണ്ണമായും ചെയർ മനസ്സിലാക്കുന്നു. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.54-ന് പിരിഞ്ഞു.)

------